# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2646

20.06.2013 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 531 |
| (ബി) | എൽ.പി., യു.പി. ഹൈസ്ക്കൂൾ എന്നിവ തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (സി) | ഇത്തരം വിദ്യാലയങ്ങളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ; | (സി), (ഡി) & (ഇ) | അംഗീകാരമില്ലാത്ത ഹൈസ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് അതേ സ്കൂളുകളിലോ അല്ലെങ്കിൽ തൊട്ടടുത്ത സ്കൂളിലോ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകാറുണ്ട്. കുട്ടികളുടെ ഭാവി കണക്കിലെടുത്താണ് സർക്കാർ ഇപ്രകാരം അനുവാദം നൽകുന്നത്. വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന |
| (ഡി) | അംഗീകാരമില്ലാത്ത ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുള്ള സംവിധാനം എന്താണ്; ഇത് തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഇ) | അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് പൊതു വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ? | | |

സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ (guidelines) പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ